# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 49 07/08/2017-ൽ മറുപടിക്ക്

## ഓങ്ങല്ലൂർ പഞ്ചായത്തിലെ മാലിന്യ സംസ്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ അശാസ്ത്രീയമായ രീതിയിൽ സംഭരിച്ചിട്ടുള്ള മാലിന്യങ്ങൾ അപകടകരമാം വിധത്തിൽ ആ നാട്ടിലെ വായുവും ജലവും മണ്ണും മലിനമാക്കുന്നു വെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെ തിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ? | ഉണ്ട്. ഓങ്ങല്ലൂർ വില്ലേജിൽ 13, 14, 16 വാർഡുകളിൽ 50 ലേറെ പേർ 40 വർഷത്തോളമായി ആക്രി കച്ചവടം നടത്തി വരുന്നു. ആക്രി സാധനങ്ങൾ കൂട്ടിയിടുകയും അതുമൂലം ഡെങ്കി പനി വ്യാപകമാകുന്നു എന്ന പരിസര വാസികളുടെ പരാതിയെ തുടർന്ന്, 31-07-2017 തീയതിക്ക് മുമ്പായി ആക്രിമാലിന്യങ്ങൾ മാറ്റുവാനും കച്ചവടം നിർത്തിവയ്ക്കുവാനും 07-07-2017-ാം തീയതിയിൽ പട്ടാമ്പി താലൂക്ക് കാര്യാലയത്തിൽ വച്ച് വിളിച്ച ചേർത്ത യോഗത്തിൽ പാലക്കാട് കളക്ടർ ഉത്തരവായിട്ടുണ്ട്.<br><br>25-07-2017 തീയതിയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയും പരിശോധനയിൽ ഇരുമ്പ് ഉൾപ്പെടെയുള്ള ആക്രി സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും ഭാഗികമായി മാറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടു. സമീപത്തെ രണ്ട് കിണറുകളിൽ നിന്നും ശേഖരിച്ച ജല സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം ഒരു കിണറിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തി. Heavy Metals-ന്റെ സാന്നിധ്യം പരിശോധിക്കുന്നതിനായി സാമ്പിൾ ബോർഡിന്റെ എറണാകുളം സെൻട്രൽ ലാബിലേക്ക് നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുമ്പോൾ ആവശ്യമായ തുടർ നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ